**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ് 1**

**2023 ഓഗസ്റ്റ് 16**

---

## നാലു വർഷ ഡിഗ്രി; ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടി നാളെ മുതൽ

നാലു വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും അധ്യാപകർക്കായുള്ള ഫാക്കൽറ്റി ഡവലപ്മെന്റ് പരിപാടി നാളെ(ഓഗസ്റ്റ് 18) ആരംഭിക്കും. കോളജ് ഡവലപ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസിൽ സംഘടിപ്പിക്കുന്ന പരിശീലനം ഓഗസ്റ്റ് 23ന് സമാപിക്കും.

(പി.ആർ.ഒ/39/989/2023)

## പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റി വച്ചു

നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് - ജൂലൈ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ കോന്നി സി.എഫ്.ടിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21,22,23 തീയതികളിലേക്കും, തിരുവല്ല എം.എ.സി.എഫ്.എ.എസ്.ടിയിലെ പരീക്ഷകൾ സെപ്റ്റംബർ നാല്, അഞ്ച്,ഒൻപത് തീയതികളിലേക്കും മാറ്റിവച്ചു. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

നാലാം സെമസ്റ്റർ മ്യൂസിക് വോക്കൽ - മെയ് 2023(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഇന്നും നാളെയും 21നും തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 21,22,23 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/990/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി,

2018–2020 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2012–2015 അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

........................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ തമിഴ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/991/2023)

## <u>പ്രാക്ടിക്കൽ</u>

നാലാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ്(സി.ബി.സി.എസ് 2021 അഡ്മിഷൻ റെഗുലർ മെയ് 2023)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/992/2023)

## <u>പരീക്ഷാ തീയതി</u>

രണ്ടാം സെമസ്റ്റർ ബി.പി.എഡ്(2022 അഡ്മിഷൻ റെഗുലർ, 2021, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015, 2016, 2017, 2018, 2019 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 18ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/993/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**